# ST.JOSEPH'S HS ARAKUZHA

## MASTER PLAN 2025-2026

SCHOOL CODE:28027

പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ

- സ്കൂളിൽ കുട്ടികളുടെ കലാപരമായ കഴിവുകളുടെ വികസനം ലക്ഷ്യമാക്കി എല്ലാ വെള്ളിയാഴ്ചകളിലും വിവിധ പരിശീലനങ്ങൾ നൽകണം.
  ഡാൻസ്, സംഗീതം, ചിത്രരചന തുടങ്ങിയവ.
- പ്രവർത്തിപരിചയ രംഗത്ത് മികച്ച പരിശീലനം നൽകണം.
- ശാസ്ത്ര-ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര രംഗത്ത് പ്രഗത്ഭരായ വ്യക്തികൾ, അധ്യാപകർ, എന്നിവരുടെ സഹായത്തോടെ മികച്ച പരിശീലനം നൽകണം.
- കായികാധ്യാപികയുടെ നേതൃത്വത്തിൽ മികച്ച കായിക പരിശീലനം നൽകണം.
- ഇംഗ്ലീഷ്, മലയാളം ദിനപത്രങ്ങളും, ധാരാളം മാഗസിനുകളും, മറ്റു പ്രസിദ്ധീകരണങ്ങളും ക്ലാസ് മുറികളിൽ അനുദിന വായനക്ക് സജ്ജമാക്കണം.
- മികച്ച ലൈബ്രറി, നോട്ടെഴുത്തിന് സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കണം.
- വിവിധ ക്ലബുകളുടെയും ജാഗ്രതാ സമിതികളുടെയും പ്രവർത്തനങ്ങൾ മികവാർന്നതാക്കണം.
- വിവിധ സെമിനാറുകൾ, ബോധവൽക്കരണ ക്ലാസുകൾ മുതലായവ നയിക്കുവാൻ പ്രഗത്ഭ വ്യക്തികളെ സമീപിക്കണം.
- ദിനാചരണങ്ങൾ പ്രാധാന്യത്തോടെ നടത്തണം.
- എല്ലാ വർഷവും പഠനയാത്രകൾ എല്ലാ ക്ലാസിലെയും വിദ്യാർത്ഥികൾക്കായി ഒരുക്കണം.
- കാർഷിക രംഗത്ത് നല്ല ശ്രദ്ധ പതിപ്പിച്ച് കുട്ടികളിൽ കൃഷിയോട് ആഭിമുഖ്യം വളർത്തണം.
- പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി മേന്മയേറിയ പ്രവർത്തനങ്ങൾ - വൃക്ഷത്തൈ നടീൽ, വിത്തുകൾ നൽകൽ, കുട്ടി-കർഷകരെ ആദരിക്കൽ, എന്നിവ നടത്തണം.
- CWSN കുട്ടികൾക്ക് പ്രത്യേക പരിശീലനവും, പരിഗണനയും നൽകുന്ന വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കണം.
- ഔഷധ തോട്ടം, കൃഷിത്തോട്ടം, പൂന്തോട്ടം, തുടങ്ങിയവയുടെ നിർമ്മാണം, സംരക്ഷണം, തുടങ്ങിയ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തണം.
- നാട്ടുകാരുമായി സഹകരിച്ച് വിവിധ സ്കോളർഷിപ്പുകൾ, ധാരാളം എൻഡോവ്മെന്റുകൾ, എന്നിവ കുട്ടികൾക്ക് ലഭ്യമാക്കണം.
- പാവപ്പെട്ട രോഗികളെയും ആവശ്യക്കാരേയും സഹായിക്കുന്നതിന് കുട്ടികൾ സോഷ്യൽ സർവീസ് ഫണ്ട് ക്ലാസ്സുകളിൽ ശേഖരിക്കുകയും ആവശ്യക്കാർക്ക് വിതരണം ചെയ്യുകയും വേണം.
- സ്കൂളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി ഒരു ലക്ഷം രൂപയുടെ കാരുണ്യ ഫണ്ട് ബാങ്കിൽ നിക്ഷേപിച്ച്

എല്ലാവർഷവും അതിന്റെ ഫലിശ വിദ്യാർത്ഥികൾക്ക് തുടർന്നും നൽകണം.

- അരമണിക്കൂർ അധിക സമയം.
- സ്കൂളിൽ പോലീസിന്റെ പരാതിപ്പെട്ടി.
- സ്കൂൾ തല പഠനോത്സവം
- സ്കൂളിന്റെ അക്കാദമിക മികവുകളുടെ വീഡിയോ തയ്യാറാക്കുക.
- പൊതുമുതൽ സംരക്ഷണത്തെ സംബന്ധിച്ച ക്ലാസുകൾ കുട്ടികൾക്ക് നൽകണം.
- റോഡ് സുരക്ഷാ നിയമങ്ങളെ സംബന്ധിച്ച ക്ലാസുകൾ നൽകണം.
- അധ്യാപകരുടെ മാനസിക ആരോഗ്യം സംരക്ഷിക്കുന്നതിനായുള്ള ക്ലാസുകൾ നൽകണം.
- ഭാഷാവിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ഉന്നമനത്തിനായി അക്ഷരജ്യോതി, Eng-quest, അഭിലേഖ്, എന്നീ പേരുകളിൽ മലയാളം, ഇംഗ്ലീഷ്, ഹിന്ദി, എന്നിവക്കായി പ്രത്യേകം ക്ലാസുകൾ ഈ വർഷവും നൽകും.
- പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളുടെ ഡാറ്റ ശേഖരണം നടത്തും. ഇതിനായി Baseline, Midline, Endline അസ്സസ്സ്മെന്റുകൾ നടത്തണം.
- ബഡിങ് ബുക്ക് റൈറ്റേഴ്സ് പദ്ധതിയിലൂടെ കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുവാനുള്ള പ്രവർത്തനങ്ങൾ നടത്തും.

മാനസികം

- കുട്ടികളുടെ മാനസിക പ്രയാസങ്ങൾ ദൂരീകരിക്കുന്നതിനായി കൗൺസലിങ് സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നു. എല്ലാ ദിവസവും, മുഴുവൻ സമയം ഒരു കൗൺസിലർ കുട്ടികൾക്കായി വേണം.
- ആവശ്യ സന്ദർഭങ്ങളിൽ കുട്ടികളുടെ മാതാപിതാക്കൾക്കും കൗൺസിലിങ് നൽകണം. മദ്യപാനത്തിൽ നിന്ന് പിതാക്കന്മാരെ മോചിപ്പിക്കുവാൻ പ്രവർത്തനങ്ങൾ വേണം.

ആരോഗ്യരംഗം

- കുട്ടികളുടെ സമഗ്ര ആരോഗ്യം ലക്ഷ്യമാക്കി സ്കൂളിൽ ഒരു നേഴ്സിന്റെ സേവനം ലഭ്യമാക്കുകയും വിവിധ മെഡിക്കൽ ചെക്കപ്പുകൾ നടത്തുകയും തുടർ ചികിത്സ ലാഭമാക്കുകയും വേണം. യഥാസമയ വാക്സിനേഷനുകൾ നൽകുന്നതിനായി പണ്ടപ്പിള്ളി സാമൂഹ്യാരോഗ്യ കേന്ദ്രത്തിന്റെയോ വിവിധ ക്ലബ്ബുകളുടെ സഹകരണം തേടുകയോ ചെയ്യണം.
- ശുദ്ധമായ കുടിവെള്ളം ഫിൽറ്റർ ചെയ്ത് കുട്ടികൾക്ക് ലഭ്യമാക്കണം.

- കിണറിന്റെ ശുചീകരണവും പരിസര ശുചീകരണവും യഥാസമയം നടത്തണം. ഇതിന് പഞ്ചായത്തും സ്കൂളിലെ വിവിധ ക്ലബ്ബുകളും നേതൃത്വം നൽകണം.

ST. JOSEPH'S HIGH SCHOOL ARAKUZHA

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മേഖല - ഹൈസ്ക്കൂൾ

### വിഷയം - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്കു ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു<br><br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ചു പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിതശൈലിയാക്കി എടുക്കുക പൗരബോധം, മൂല്യബോധം ഇവ വളർത്തുക | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ, സുമനസ്സുകൾ |

**ST. JOSEPH'S HIGH SCHOOL ARAKUZHA**

അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

**ആരോഗ്യ-കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ കായിക വിദ്യാഭ്യാസത്തിലൂടെ മികച്ച ആരോഗ്യം കൈവരിക്കാനും നിലനിർത്താനും പരിശീലിപ്പിക്കുന്നതുവഴി അച്ചടക്കവും ആരോഗ്യവുമുള്ള തലമുറയെ വാർത്തെടുക്കുവാനുള്ള ശ്രമം. | • അടിസ്ഥാന ചലന നൈപുണ്യങ്ങൾ പരിശീലിപ്പിക്കുന്നു.<br>• വിവിധ പരിശീലനമുറകൾ പരിചയപ്പെടുത്തുന്നു.<br>• വിവിധ ഗെയിംസ്, അത്‌ലറ്റിക്സ് പരിശീലനം. | ജൂൺ-നവംബർ | SPORTS CLUB | PTA |
| കായികവും ആരോഗ്യപരവുമായ ലക്ഷ്യങ്ങളെക്കുറിച്ച് അറിയുവാൻ | • യോഗ, എയറോബിക്സ്, റിഥമിക് പരിശീലനം | 6 Months | SPORTS CLUB | PTA |
| ICT സാധ്യത | • ICT യുടെ സഹായത്തോടെ പഠിപ്പിക്കുന്നു. | 10 Months | SPORTS CLUB | PTA |

**ST. JOSEPH'S HIGH SCHOOL ARAKUZHA**

അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

**യു.പി. സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ നേടിയെടുക്കൽ | **അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു.<br><br>**ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory Test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | School Parliament Election നടത്തി വിവിധ ചുമതലകൾ നൽകി ഒരു നല്ല തലമുറയെ വളർത്തിയെടുക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ പഠിതാക്കളെ ബോധ്യമുള്ളവരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേനാ ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA |

| | | | | |
|---|---|---|---|---|
| | ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | | | |
| സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം:** പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ, എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA |
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം** സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | SOCIAL SCIENCE CLUB |
| സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)** പരിസ്ഥിതിയുടെ നാശത്തിന് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | SOCIAL SCIENCE CLUB |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്** മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ, ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | SOCIAL SCIENCE CLUB |

**ST. JOSEPH'S HIGH SCHOOL ARAKUZHA**

അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

**HIGH SCHOOL ENGLISH**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുവാൻ പ്രാപ്തരാക്കുക | Spoken English class<br>English Library<br>English corner story time<br>English Assembly | അക്കാദമിക വർഷം | Teachers | English Club |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema and Documentary – Profile and script തയ്യാറാക്കുന്നതിനുവേണ്ടി ഇംഗ്ലീഷ് സിനിമയുടെ രംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | അവധി/ ശനിയാഴ്ചകൾ | Teachers, SRG | English Club |
| സ്വതന്ത്ര വായനക്ക് സജ്ജരാക്കുക, സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | ചിത്രവായന, ലഘുകഥ നിർമ്മാണം, Public speaking, language games, English newspaper reading, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എൻ്റെ ഡയറി, News reading competition | ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ, അവധി | Teachers | English Club |
| നാടകീകരണം | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി സ്കിറ്റ്, റോൾ പ്ലേ, puppet show എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ | Teachers | English Club |
| കവിതാലാപനത്തിനും കവിത രചനക്കും പ്രാപ്തരാക്കുന്നു | കവിതാ രചന, ആലാപന മത്സരങ്ങൾ നടത്തുന്നു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു കയ്യെഴുത്ത് മാസിക പ്രസിദ്ധീകരിക്കുന്നു | അക്കാദമിക വർഷം | Teachers | English Club |
| സാങ്കേതികവിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുക | English films കാണുവാനുള്ള അവസരം. | ശനിയാഴ്ച / വെക്കേഷൻ | Teachers | English Club |
| സംവാദ സദസ്സുകൾ സംഘടിപ്പിക്കുക | Public speaking, seminar, debate, discussion തുടങ്ങിയവ സംഘടിപ്പിക്കുന്നു | ക്ലാസ്സ്റൂം പ്രവർത്തനങ്ങളോടൊപ്പം | Teachers | English Club |

**ST. JOSEPH'S HIGH SCHOOL ARAKUZHA**

അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

**UP SCIENCE**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ജീവിത സാഹചര്യങ്ങളിൽനിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി - ജൈവവൈവിധ്യ പാർക്ക്:**<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.<br><br>**കണ്ടറിയാനൊരു യാത്ര**<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ.<br><br>**പരീക്ഷണക്കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണകുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം<br><br>ജൂലൈ<br><br>ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്<br><br>ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്<br><br>ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | PTA<br><br>PARENTS |
| ശാസ്ത്രപ്രക്രിയാ ശേഷി വികസിപ്പിക്കു | **മാസ്റ്റർ മൈൻഡ്**<br>ഊർജ്ജ ക്ലബ്, ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്, സയൻസ് ക്ലബ്, | |

| | | | | |
|---|---|---|---|---|
| ക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക. | അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br><br>**എക്സ്പോ - എക്സ്പ്ലോർ**<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br><br>**ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു.<br><br>**മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു.<br><br>**യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | <br><br><br>അക്കാദമിക വർഷം<br><br><br>അക്കാദമിക വർഷം<br><br><br>അക്കാദമിക വർഷം<br><br><br>അക്കാദമിക വർഷം | ഹെൽത്ത് ക്ലബ്<br><br>ശാസ്ത്രാധ്യാപകർ<br><br>ശാസ്ത്രാധ്യാപകർ<br><br>ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്<br><br>ശാസ്ത്രാധ്യാപകർ, | <br><br><br>SCIENCE CLUB<br><br><br><br><br>PTA, SCIENCE CLUB |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര:**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, | |
| പ്രതിഭാശാലി | Atal Tinkering Laboratory | | ശാ | |

| | | | | |
|---|---|---|---|---|
| കളായ വിദ്യാർത്ഥിക ളിൽ ഗവേഷണോ ത്സുകത വർദ്ധിപ്പിക്കൽ | പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു. ഇലക്ട്രോണിക്, റോബോട്ടിങ് സാധ്യതയുപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദ മിക വർഷം | സ്ത്രാ ധ്യാപക ർ, | |

| ST. JOSEPH'S HIGH SCHOOL ARAKUZHA<br>അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ<br>**ആരോഗ്യ-കായിക വിദ്യാഭ്യാസം** | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| കുട്ടികളെ കായിക വിദ്യാഭ്യാസത്തിലൂടെ മികച്ച ആരോഗ്യം കൈവരിക്കാനും നിലനിർത്താനും പരിശീലിപ്പിക്കുന്നതുവഴി അച്ചടക്കവും ആരോഗ്യവുമുള്ള തലമുറയെ വാർത്തെടുക്കുവാനുള്ള ശ്രമം. | • അടിസ്ഥാന ചലന നൈപുണ്യങ്ങൾ പരിശീലിപ്പിക്കുന്നു.<br>• വിവിധ പരിശീലനമുറകൾ പരിചയപ്പെടുത്തുന്നു.<br>• വിവിധ ഗെയിംസ്, അത്‌ലറ്റിക്സ് പരിശീലനം. | ജൂൺ-നവംബർ | SPORTS CLUB | PTA |
| കായികവും ആരോഗ്യപരവുമായ ലക്ഷ്യങ്ങളെക്കുറിച്ച് അറിയുവാൻ | • യോഗ, എയറോബിക്സ്, റിഥമിക് പരിശീലനം | 6 Months | SPORTS CLUB | PTA |
| ICT സാധ്യത | • ICT യുടെ സഹായത്തോടെ പഠിപ്പിക്കുന്നു. | 10 Months | SPORTS CLUB | PTA |

**ST. JOSEPH'S HIGH SCHOOL ARAKUZHA**
അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
**UP ENGLISH**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കുവാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Lend Your Ear:** ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | English Teacher | English Club |
| | **Follow Me If You Can:** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള അവസരം നൽകുന്നു. | ജൂൺ | English Teacher | English Club |
| | **Breaking News:** ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | English Teacher | English Club |
| | **One Man Show:** ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | English Teacher | English Club |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | **I Too Can**: വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | English Teacher | English Club |
| | **Learning Ladder**: പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കുവാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം | സെപ്റ്റംബർ | English Teacher | English Club |

| | | | | |
|---|---|---|---|---|
| | ലഭിക്കുകയും ചെയ്യുന്നു.<br><br>**Reader of the Month:** ഇംഗ്ലീഷ് ദിനപത്രം നൽകി വായിക്കുവാൻ അവസരം Reader of the Month- നെ ആദരിക്കുന്നു. | മാസം തോറും | English Teacher | PTA |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതുവാൻ പ്രാപ്തരാക്കുന്നു. | **My Droplets:** കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | English Teacher | PTA |
| | **Alert Zone:** സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ, എന്നിവ സ്കൂളിലും ക്ലാസ്റൂമിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | English Teacher | PTA |
| | **Run Baby Run:** ക്ലാസ്സിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിന് ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റ് കൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | English Teacher | English Club |
| | **Fun Time Funda:** കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പീരിയഡും | English Teacher | English Club |
| ഇംഗ്ലീഷ് ഭാഷയിൽ ആത്മവിശ്വാസം വളർത്തുന്നു. | അഞ്ചാം ക്ലാസ്സിനായി കഥപറയൽ, കഥയെഴുത്ത്, ആറിന് Role Play നാടകം എന്നിവ, ഏഴിനായി കവിത, പ്രസംഗം മുതലായവ. ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി/ ഫിലിം ഷോ. | വർഷാവസാനം | English Teacher, PTA | English Club |

**ST. JOSEPH'S HIGH SCHOOL ARAKUZHA**

അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

**UP MATHEMATICS**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല:** കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്... ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷിയുടെ വികാസവും | **ഒറിഗാമി ശിൽപ്പശാല:** ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ഗണിത ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിതാധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്:** ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരീഡ് | ഗണിതാധ്യാപകരും സമർഥരായ കുട്ടികളും | |
| വിവിധ ശേഷികളുടെ വികസനം | **ദിനാചരണം:** ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

| യു പി മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1.ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ കഥ കവിത യാത്രാനുഭവം അനുഭവക്കുറിപ്പ് അവതരിപ്പിക്കുന്നു<br><br>ഭാഷ കേളി അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു<br><br>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ | പിടിഎ, വിവിധ ക്ലബ്ബുകൾ |
| 2.പഠിതാവിൽ അർത്ഥപൂർണ്ണമായ വായന | വാർത്താ ലോകത്തേക്ക്<br>പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | എല്ലാ ദിവസവും | മലയാളം അധ്യാപകർ | പിടിഎ, വിവിധ ക്ലബ്ബുകൾ |

| | | | | |
|---|---|---|---|---|
| ഉറപ്പുവരുത്തുക | വാർത്താ വായന<br>നവമാധ്യമങ്ങളുടെ<br>സഹായത്താൽ<br>സ്ക്രീനിൽ തെളിയുന്ന<br>വാർത്തകൾ കുട്ടികളെ<br>കൊണ്ട് വായിപ്പിക്കുന്നു.<br>ക്ലാസ് തരത്തിൽ വായന<br>നടത്തി തിരഞ്ഞെടുക്കുക<br>അവസരം നൽകുന്നു.<br>അതാത് മാസത്തെ<br>പ്രധാന സംഭവങ്ങൾ<br>ക്ലാസ്സ് സ്കൂള് ലൈബ്രറി<br>പുസ്തകങ്ങൾ എന്നിവയെ<br>ആസ്പദമാക്കി ക്വിസ്<br>മത്സരം നടത്തുന്നു<br><br>മുഴുവൻ പഠിതാക്കളുടെയും<br>സർഗാത്മക രചനകൾ<br>ഉൾക്കൊള്ളിച്ചുകൊണ്ട്<br>പതിപ്പ് തയ്യാറാക്കുന്നു | | | |
| 3.മലയാള<br>കമ്പ്യൂട്ടിംഗ്<br>പരിജ്ഞാനം<br>നേടിയെടുക്കലും<br>സർഗാത്മകശേഷി<br>വളർത്തലും | രംഗ ആവിഷ്കാരം<br>പാഠഭാഗങ്ങളുമായി<br>ബന്ധപ്പെട്ട ചുരുക്കാഴ്ചകൾ<br>ലഘു നാടകങ്ങൾ<br>തുടങ്ങിയവ സ്കൂൾ<br>അസംബ്ലിയിൽ<br>അവതരിപ്പിക്കാൻ<br>അവസരം നൽകുന്നു<br>വിദഗ്ധരായ നാടക | വർഷാ<br>വസാനം<br><br>അക്കാദമി | മലയാളം<br>ക്ലബ്ബ് | പിടിഎ,<br>വിവിധ<br>ക്ലബ്ബുകൾ |

| | | | | |
|---|---|---|---|---|
| 4.പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | കലാകാരന്മാരെയും മറ്റു കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ നടത്തുന്നു | ക് വർഷം | മലയാളം അധ്യാപകർ | പിടിഎ, വിവിധ ക്ലബ്ബുകൾ |
| 5.കുട്ടികളുടെ ആകാശവാണി സെന്റ് ജോസഫ് സ് എഫ് എം അവതരണ മികവ് | സെന്റ് ജോസഫ് എഫ് എം വിശേഷദിനങ്ങളിലും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന് ആസ്വാദനം തയ്യാറാക്കിയ അവതരിപ്പിക്കുന്നു<br><br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാ ദിവസവും | പിടിഎ,സ്കൂൾ ലീഡേഴ്സ്, സ്കൂൾ,മലയാളം അധ്യാപകർ | പിടിഎ, വിവിധ ക്ലബ്ബുകൾ |

| ഹൈസ്കൂൾ മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
| 1.ഭാഷാപരമായ പിന്നോക്കാവസ്ഥകൾ പരിഹരിക്കാൽ<br><br>2 മാസം<br>ഓഗസ്റ്റ് -<br>സെപ്റ്റംബർ<br>ഭൗതികം<br>പുസ്തകങ്ങൾ<br>ചിത്രങ്ങൾ | 1.പ്രീ ടെസ്റ്റ്<br>2.അക്ഷരം ഉറപ്പിക്കൽ<br>3.അടയാളം ഉറപ്പിക്കൽ<br>4.വാക്കുകൾ എഴുതിയ കാർഡ്<br>5.വാക്കുകൾ നിർമിക്കുക<br>6.വാക്യങ്ങൾ നിർമ്മിക്കൽ<br>7.ചിത്രം _അടിക്കുറിപ്പ്<br>8.ചിത്രം -കഥ എഴുതൽ<br>9.ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് ക്ലാസ്സ് | 2 മാസം<br>ഓഗസ്റ്റ് -<br>സെപ്റ്റം<br>ബർ | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | അധ്യാപകർ,<br>പിയർ ഗ്രൂപ്പ് ,<br>കുട്ടി,<br>സ്പെഷ്യൽ ടീച്ചേഴ്സ് |
| 2.കുട്ടിയെ മികച്ച വായനക്കാനാക്കുക | 1.ക്ലാസ് വായനക്കൂട്ടം രൂപീകരിക്കണം<br>2.സ്കൂൾ ലൈബ്രറി പുസ്തക വായന<br>3.പത്ര വായന<br>4.വായനാക്കുറിപ്പ്<br>5.ദിനാചരണം<br>6 .ആസ്വാദ്യകരമായ വായന<br>7 ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി,<br>സ്കൂൾ ലൈബ്രറി,<br>പത്രങ്ങൾ ,<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ ,<br>ഇൻറർനെറ്റ്<br>,കമ്പ്യൂട്ടർ | അധ്യാപകർ |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1.എഴുത്തുകൂട്ടം കണ്ടെത്തൽ<br>2 ' പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്<br>4.വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ | 6 മാസം | ലൈബ്രറി,<br>പുസ്തകങ്ങൾ,<br>ചിത്രങ്ങൾ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | 5 .പതിപ്പ് തയ്യാറാക്കൽ<br>6 .വ്യക്തികത രചന | | | |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1.വിവിധ വിഷയങ്ങൾ നൽകിയ പ്രസംഗം<br>2. വിവിധ വിഷയങ്ങൾ നൽകിയ പ്രസംഗം തയ്യാറാക്കുക.<br>3.മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ കേൾക്കുക<br>4.പ്രസംഗങ്ങൾ അവതരിപ്പിക്കുന്നതിന് വേദികൾ സജ്ജമാക്കുക.<br>5.കഥ, കവിത ഭാവാത്മകമായി അവതരണം | 6 മാസം ജൂലൈ - ഡിസംബർ | ഓഡിയോ, വീഡിയോ | അധ്യാപകർ |

| ഹൈസ്കൂൾ സയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1.അത്ഭുത കണ്ണിലൂടെ കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു<br><br>പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | പി.ടി.എ |
| 2.ശാസ്ത്രലോകത്തേക്ക്. നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനു | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകൻ | പിടിഎ |

| | | | | |
|---|---|---|---|---|
| 3.ഹൈടെക് വേൾഡ് മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | ള്ള അവസരം നൽകുന്നു<br><br>വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു<br><br>ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു<br><br>ക്ലാസുകളിൽ ശാസ്ത്ര ലേബറി ശാസ്ത്ര മാസിക പ്രസിദ്ധീകരണം<br><br>സയൻസ് ലാബ്, ഐടി ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | സയൻസ് ക്ലബ്ബ് മാനേജ്മെന്റ് വകുപ്പ് |
| 4.ആയുർരേഖ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു<br>തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | സീഡ്.ഹരിത കർമ്മസേന രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| 5. വൈജ്ഞാനിക ബഹിർ സ്ഫുരണം അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ് സെമിനാർ പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു ശാസ്ത്ര കാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം ഒരു തവണ | | രക്ഷിതാക്കൾ |

| ഹൈസ്കൂൾ ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1.ആശയധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം,** ഫ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത് സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | പിടിഎ |
| 2.നിർമ്മിതികളു ടെ ശേഷി കൈവരിക്കാൻ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത,ശില്പശാല കൾ | തുടർ പ്രവർത്തനം | അധ്യാപകർ അധ്യാപകർ, പി ടി എ | |
| 3.ഗണിത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കു ന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ ഗണിത ക്ലബ്ബ് | |
| 4.ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുത്ത ഗണിതരൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൻ | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കു ന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, സംഘ തലവൻ വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 5. സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | ഗണിത അധ്യാപകർ ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, | |

| | | | | |
|---|---|---|---|---|
| 6.അധ്യാപകർ കാലാനുസൃതമായി ചെയ്യ് ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളെ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ,ചർച്ചകൾ, പഠനസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം, തുടർപ്രവർത്തനം | പിടിഎ ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, | |
| 7. ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം കുട്ടികൾ കൂടാതെ സമീപപ്രദേശങ്ങളുടെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും , മറ്റ് അവധി ദിവസങ്ങളിലും | പിടിഎ അധ്യാപകർ, ഹെഡ്മിസ്ട്രസ്, പിടിഎ പ്രസിഡന്റ് | ഗണിത ക്ലബ്ബ് മാനേജ്മെന്റ് |
| 8. ഗണിത മത്സരവേദിയിലേക്ക് മേഖലകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | സാമ്പത്തിക വിശകലനം പിടിഎ | പിടിഎ |
| 9.ഗണിത ലാബ് | ശിൽപ്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ്/ ജൂൺ | ഗണിത ക്ലബ്ബ് മാനേജ്മെന്റ്, ഹെഡ്മിസ്ട്രസ്, | പിടിഎ |

| | | | | |
|---|---|---|---|---|
| 10.രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ നടത്തുന്ന ചുമതലകൾ നൽകുന്നു | | ഗണിത ക്ലബ്ബ് മാനേജ്മെന്റ് | |

# വിഷയം – ഹിന്ദി

## ക്ലാസ് – 8

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br><br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം<br><br>ജൂൺ - ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനതിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം<br><br>ഓഗസ്റ്റ് - സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br><br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ചു ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br><br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ - ജനുവരി |

## ക്ലാസ് – 9

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു.<br><br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം<br><br>ജൂൺ - ജൂലൈ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br><br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചന ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം<br><br>ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br><br>കവിത വായിച്ചു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ചു മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകികൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br><br>നവംബർ - ഡിസംബർ |

....മറുപുറം...

# ക്ലാസ് – 10

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം<br><br>ജൂൺ -<br>ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്തു ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടികളുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br><br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br><br>നവംബർ -<br>ഡിസംബർ |

***********